# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1758

01/11/2019-ൽ മറുപടിയ്ക്ക്

## കോടഞ്ചേരി ഗവ:കോളേജിലെ ഗേൾസ് ഹോസ്റ്റൽ പ്രവർത്തനം

**ചോദ്യം** | **മറുപടി**

ശ്രീ.ജോർജ്.എം.തോമസ് :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോടഞ്ചേരി ഗവണ്മെന്റ് കോളേജിലെ ഗേൾസ് ഹോസ്റ്റലിന് ആവശ്യമായ കെട്ടിടം സജ്ജീകരിച്ചിട്ടും പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) | കോടഞ്ചേരി ഗവണ്മെന്റ് കോളേജിലെ വനിതാ ഹോസ്റ്റലിൽ ദിവസവേതന അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഹോസ്റ്റൽ പ്രവർത്തനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോടഞ്ചേരി ഗവണ്മെന്റ് വനിതാ ഹോസ്റ്റലിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം പരിശോധിച്ച നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഹോസ്റ്റൽ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കോടഞ്ചേരി ഗവണ്മെന്റ് കോളേജ് വനിതാ ഹോസ്റ്റലിൽ വിദ്യാർത്ഥിനികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക ജീവനക്കാരെ നിയമിച്ച് ഹോസ്റ്റൽ പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**